**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** | **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന് അനുസൃതമായി വിനോദസഞ്ചാര മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളം സന്ദർശിക്കുന്ന വിദേശ - സ്വദേശി വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങൾക്കും വിനോദ സഞ്ചാര വ്യവസായത്തിന്റെ ഗുണഫലങ്ങൾ അനുഭവവേദ്യമാക്കുവാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിലൂടെ സുസ്ഥിരവും പ്രകൃതി സൗഹാർദ്ദവുമായ ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത് . സന്ദർശകർക്ക് വളരെ വേഗം ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുവാൻ വേണ്ടി ഹെലി ടൂറിസം എന്ന നൂതന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിനുപറമേ രാത്രികാല ടൂറിസം, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടത്തുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ ഡെസ്റ്റിനേഷനുകളിലെയും മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഡെസ്റ്റിനേഷനുകളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോവളം, മൂന്നാർ, വർക്കല |

| | | | |
|---|---|---|---|
| | | | ടൂറിസം ഡെസ്റ്റിനേഷനുകളെ ആധുനിക രീതിയിൽ നവീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റോഡുകളുടെ ശോചനീയാവസ്ഥയും റോഡരുകിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീയുടെ സഹകരണത്തോടെ സംസ്ഥാനത്തെ ഡി.റ്റി.പി.സി.- കൾ മുഖേന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. റോഡരികിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ